LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ പൊതുകടം

175 (520) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നുവെന്ന് വിശദമാക്കാമോ ;

(ബി) ഇപ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള നാലു വർഷക്കാലത്തെ പൊതുകടത്തിന്റെ വർദ്ധനവ് എത്രയാണെന്നും ഈ കാലഘട്ടത്തിൽ എടുത്തിട്ടുള്ള സംഖ്യ ഏതെല്ലാം മേഖലകളിലാണ് ചെലവഴിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 31-3-2011 വരെ സംസ്ഥാനത്തിന്റെ പൊതുകടം 78673.24 കോടി രൂപയായിരുന്നു.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുൾപ്പെടെ 31-3-2015 വരെ സംസ്ഥാനത്തിന്റെ പൊതുകടം 133701.15 കോടി രൂപയാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള നാലുവർഷക്കാലത്തെ പൊതുകടത്തിന്റെ വർദ്ധനവ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

വർഷം	വർദ്ധനവ്
2011-12	10744.94
2012-13	14142.66
2013-14	15448.28
2014-15	14692.08

ഇപ്രകാരം കടമെടുക്കുന്ന തുക പ്രധാനമായും വികസന ചെലവുകൾക്കും ഉത്പാദനപരമായ ആവശ്യങ്ങൾക്കുമാണ് ചെലവഴിക്കുന്നത്.